KOLLAM CITY POLICE

www.kollamcity.keralapolice.gov.in

https://www.facebook.com/citypolicekollam/

Dated : 08/ 06/ 2018

# ഓൺ ലൈൻ തട്ടിപ്പ് കാമറൂൺ സ്വദേശി അറസ്റ്റിൽ



ചോയി തോംസ (45)

കൊല്ലം : ഓൺലൈൻ ലോട്ടറിയിലൂടെ കോടിക്കണക്കിന് അമേരിക്കൻ ഡോളർ ലഭിച്ചു എന്ന് പറഞ്ഞ് ഓൺലൈൻ മുഖേന വ്യജ സന്ദേശങ്ങൾ അയച്ച് നിര വധിയാളുകളെ കബളിപ്പിച്ച് 30 കോടിയിലധികം രൂപ കേരളത്തിന് അകത്തും പുറത്തുമുള്ള നിരവധിയാളുകളിൽ നിന്നും തട്ടിയെടുത്ത കേസ്സിലെ പ്രധാന സൂത്രധാരൻ ആയ കാമറൂൺ സ്വദേശിയെ അറസ്റ്റ് ചെയ്തു.

ആഫ്രിക്കൻ രാജ്യമായ കാമറൂൺ പൗരനായ ചോയി തോംസൺ വയസ് 45 എന്നയാളെ ഡൽഹിയിൽ വച്ച് അറസ്റ്റ് ചെയ്തു മലപ്പുറം സ്വദേശി യായ ഒരാളിൽ നിന്നും ഇത്തരത്തിൽ തട്ടിപ്പ് നടത്തി പണം കൈപ്പറ്റുന്നതിനിടയി ലാണ് ന്യൂഡൽഹി നിസ്സാമുദ്ദീനിലുള്ള ഒരു ഹോട്ടലിൽ നിന്നും പ്രതി പിടിയിലാ കുന്നത്. അഞ്ചാലുംമൂട് സ്വദേശിയായ ഫസലുദ്ദീൻ എന്നയാളെ ഇത്തരത്തിൽ തട്ടിപ്പ് നടത്തി 15 ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഭവത്തിൽ അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സാണ് . ഇപ്പോൾ ഈ കേസ്സ് അന്വേ ഷിക്കുന്നത് കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണറായ എ.അശോകൻ ആണ്.

ഈ കേസ്സിലെ 1-ാം പ്രതിയായ മുഹമ്മദ് ഷെരീഫ് എന്നയാളിനെ കോഴിക്കോട് നിന്നും മുമ്പ് അറസ്റ്റ് ചെയ്തിരുന്നു. അയാൾ ഇപ്പോൾ റിമാന്റിൽ ആണ്. 1-ാം പ്രതിയിൽ നിന്നും ആഫ്രിക്കൻ വംശജരായ മറ്റ് പ്രതികൾ 11 കോടിയോളം രൂപ വിവധ ബാങ്കുകൾ മുഖേന കൈപ്പറ്റിയതായി 1-ാം പ്രതി ഷെരീഫ് സമ്മതിച്ചിട്ടു ണ്ട്. അമേരിക്കൻ ഡോളർ ആണെന്ന് പറഞ്ഞ് ഒരു ലോക്കർ ബാംഗ്ലൂരിൽ വച്ച് വിദേശികളായ പ്രതികൾ 1-ാം പ്രതിയ്ക്ക് കൈമാറിയിരുന്നു. അപ്രകാരം കൈമാറിയ നീല പേപ്പർ കെട്ടുകൾ നിറച്ച ലോക്കർ 1-ാം പ്രതിയെ അറസ്റ്റ് ചെയ്ത ശേഷം അന്വേഷണ സംഘം കണ്ടെത്തിയിരുന്നു. അമേരിക്കൻ ഡോളറിന്റെ വലുപ്പത്തിൽ നീല നിറത്തിലുള്ള പേപ്പറുകൾ പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ് ഇരുമ്പ് ലോക്കറിൽ നിറച്ച് സ്യൂട്കേ സ്സിൽ ആക്കിയാണ് നൽകിയിരുന്നത്. ഒരു പ്രത്യേക ലായനി ഉപയോഗിച്ച് പേപ്പറുകൾ അമേരിക്കൻ ഡോളറു കൾ ആക്കാൻ കഴിയുമെന്നാണ് പ്രതികൾ ഇരകളെ വിശ്വസിപ്പിച്ചിരുന്നത്. ഇത്തരത്തിലുള്ള ലായനി ലഭിക്കു ന്നതിനായി ഇരകളിൽ നിന്നും വീണ്ടും പണം ആവശ്യപ്പെടുകയാണ് പ്രതികളുടെ രീതി. ലോട്ടറി അടിച്ചു എന്ന് ഇരകളെ വിശ്വസിപ്പിക്കുന്നതിനായി IMF, RBI തുടങ്ങിയ സ്ഥാപനങ്ങളുടെ വ്യാജ ലെറ്ററുൾ ഇ.മെ യിൽ മുഖേന ഇരകൾക്ക് അയച്ച്കൊടുത്ത് വിശ്വസിപ്പിക്കുന്ന രീതിയാണ് ഇവർ തുടർന്ന് വന്നത്. കൂടാതെ ബാങ്ക് ഇടപാടുകളെ സംബന്ധിച്ച് വ്യക്തി വിവരങ്ങൾ ചോർത്തിയെടുത്ത് അവ ഉപയോഗിച്ച് ബാങ്കുകളിൽ നിന്ന് എന്ന വ്യാജേന മെസ്സേജുകൾ അയച്ച് Bank ATM Card Number, OTP Number എന്നിവ ആവശ്യ പ്പെട്ട് ഇത്തരക്കാർ തട്ടിപ്പ് നടത്തിയിരുന്നു. മാസങ്ങളായി ഈ സംഘത്തിന്റെ പ്രവർത്തനം സൈബർ സെല്ലിന്റെയും മറ്റും സഹായത്തോടെ തിരിച്ചറിഞ്ഞ് വരികയായിരുന്നു. അങ്ങനെയാണ് മലപ്പുറം സ്വദേശി യായ ഒരാളെ ടി സംഘം ബന്ധപ്പെട്ട് വരുന്നതായി വിവരം ലഭിച്ചത് പ്രകാരമാണ് ന്യൂഡൽഹിയിൽ വച്ച് ടി സംഘത്തിലെ മുഖ്യ സൂത്രധാരകനെ അറസ്റ്റ് ചെയ്യാൻ സാധിച്ചത്. ഓൺ ലൈൻ തട്ടിപ്പിന്റെ കൂടുതൽ വിവര ങ്ങൾ ഈ അറസ്റ്റോടെ വെളിവാകുന്നതാണ് .ടിയാനെ അറസ്റ്റ് ചെയ്യുമ്പോൾ രണ്ട് പാസ്പോർട്ടുകൾ കൈവശം ഉണ്ടായിരുന്നതായും അതിൽ ഒരണ്ണം വ്യാജമായിരുന്നു.

ഈ സംഘത്തിന് അന്താരാഷ്ട്ര തലത്തിലുള്ള നെറ്റ് വർക്ക് ഉള്ളതായി അന്വേഷണത്തിൽ തെളിഞ്ഞി ട്ടുണ്ട്. ഇതിലെ കൂടുതൽ പ്രതികൾക്കായി അന്വേഷണം ഊർജ്ജിതപ്പെടുത്തിയതായി സിറ്റി പോലീസ് കമ്മീഷ ണർ അറിയിച്ചു.

കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. അരുൾ ആർ.ബി.കൃഷ്ണ ഐ.പി.എസ് ന്റെ നിർദ്ദേശാനു സരണം ജില്ലാ ക്രൈം ബ്രാഞ്ച് എ.സി.പി ശ്രീ.എ.അശോകൻ , ക്രൈം ബ്രാഞ്ച് എസ്.ഐ മാരായ മുഹമ്മദ് ഖാൻ. ബാലൻ.കെ, ആർ. രതീഷ്, ധനപാലൻ, അനിൽകുമാർ. ബി.എസ്, അസിസ്റ്റൻറ് സബ്ബ് ഇൻസ്പെക്ടർമാ രായ ഷാനവാസ് എച്ച്, കെ. എൻ. അനിൽകുമാർ സിപിഒ മാരായ അഭിലാഷ്, പ്രേംകുമാർ എന്നിവർ അടങ്ങുന്ന പ്രത്യേക സംഘമാണ് അറസ്റ്റിനും അന്വേഷണത്തിനും നേതൃത്വം നൽകുന്നത്.